12
ബുധൻ
2018 സപ്തംബർ
1194 ചിങ്ങം 27

# മക്തബ്

www.makthabdaily.com

മണൽക്ഷാമം മറന്നേക്കൂ...
SITE & SHOP
ഡാൽമിയ സിമന്റും പുഴമണലും പ്ലാന്റിൽ മിക്സാക്കിയത്.
സെം ടെക്ക് READY MIX
ചാക്ക് M-Sand, P-Sand, 3/4 മെറ്റൽ
ഹോൾസെയിൽ & റീട്ടെയിൽ
യൂണിവേഴ്സൽ കാർത്തികപുരം
ന്യൂ ബസാർ, കരുവഞ്ചാൽ
9447651752, 0460 2246711
ബിൽഡിംങ്ങ് മെറ്റീരിയൽസ് ഹോൾസെയിൽ വിലയിൽ

തളിപ്പറമ്പ | പുസ്തകം 11 ലക്കം 274 | makthabdaily@gmail.com | RNI Reg.No.KER MAL/2007/22043 | Reg.No.KL/KNR/15/2018-20 Ph: 0460- 2208010 | പേജ് 4 വില: 5.00 രൂപ

### സർക്കാരിന് സുപ്രീംകോടതിയുടെ രൂക്ഷവിമർശനം

# സംസ്ഥാന സർക്കാരിന് തിരിച്ചടി; മെഡിക്കൽ ഓർഡിനൻസ് റദ്ദാക്കി

ഡൽഹി: ക്രമവിരുദ്ധമായി വിദ്യാർത്ഥി പ്രവേശനം നടത്തിയ കണ്ണൂർ, കരുണ സ്വാശ്രയ മെഡിക്കൽ കോളേജുകളെ സംരക്ഷിക്കാൻ സംസ്ഥാന സർക്കാർ കൊണ്ടുവന്ന ഓർഡിനൻസ് സുപ്രീം കോടതി റദ്ദാക്കി. ഭരണഘടനാ വിരുദ്ധമാണെന്ന് ചൂണ്ടിക്കാണിച്ചാണ് ഓർഡിനൻസ് റദ്ദാക്കിയത്. സംസ്ഥാന സർക്കാരിനെ വിധിന്യായത്തിൽ രൂക്ഷമായി വിമർശിച്ചു.

2016-17 വർഷം കണ്ണൂർ മെഡിക്കൽ കോളേജിൽ 180, കരുണ മെഡിക്കൽ കോളേജിൽ 30 എന്നിങ്ങനെ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചത് ചട്ടവിരുദ്ധമാണെന്ന് പ്രവേശന മേൽനോട്ട സമിതി കണ്ടെത്തിയിരുന്നു. ഇതിനെതിരെ മെഡിക്കൽ കോളേജ് അധികൃതർ ഹൈക്കോടതിയെ സമീപിച്ചെങ്കിലും അനുകൂല വിധി ഉണ്ടായില്ല. സുപ്രീംകോടതിയും പ്രവേശന മേൽനോട്ട സമിതിയുടെ തീരുമാനത്തെ ശരിവെച്ചു. ഇതേ തുടർന്ന് സുപ്രീംകോടതി വിധി മറികടക്കാനായിരുന്നു സംസ്ഥാന സർക്കാർ ഓർഡിനൻസ് കൊണ്ടുവന്നത്. പിന്നീട് കേരള നിയമസഭ ഐക്യകണ്ഠേന ഇത് ബില്ലാക്കി മാറ്റുകയും ചെയ്തിരുന്നു. കോൺഗ്രസിലെ വി.ടി. ബൽറാം എം.എൽ.എ മാത്രമാണ് നിയമസഭയിൽ ബില്ലിനെതിരെ ശബ്ദമുയർത്തിയത്. സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റിനെ സംരക്ഷിക്കാനാണ് ബില്ലെന്ന് അദ്ദേഹം തുറന്നടിച്ചിരുന്നു.

കോടതി വിധി മറികടക്കാൻ സംസ്ഥാന സർക്കാർ ഓർഡിനൻസ് കൊണ്ടുവന്നതിനെ ചോദ്യം ചെയ്ത് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ സുപ്രീംകോടതിയെ സമീപിക്കുകയായിരുന്നു. ഈ ഹർജിയിൽ ഓർഡിനൻസ് സ്റ്റേ ചെയ്തുകൊണ്ട് സുപ്രീംകോടതി നേരത്തെ ഉത്തരവ് പുറപ്പെടുവിപ്പിച്ചിരുന്നു. സർക്കാർ നടപടി ഏറെ വിവാദമാകുകയും സുപ്രീംകോടതിയിൽ നിന്ന് എതിരായി വിധി വരികയും ചെയ്ത സാഹചര്യത്തിൽ ഓർഡിനൻസ് നടപ്പിലാക്കുന്നതിൽ നിന്ന് സംസ്ഥാന സർക്കാർ പിൻമാറിയിരുന്നു. എങ്കിലും കേസ് സുപ്രീംകോടതിയിൽ നിലനിൽക്കുന്നുണ്ടായിരുന്നു. ഈ കേസിലാണ് ഇന്ന് വിധിവന്നത്.

കോടതിയുടെ അധികാരപരിധിയിൽ കടന്നുകയറാനാണ് സംസ്ഥാന സർക്കാർ ശ്രമിച്ചതെന്ന് സുപ്രീംകോടതി വിമർശിച്ചു. വിദ്യാർത്ഥികളുടെ പേരിൽ നിയമലംഘനത്തിന് സർക്കാർ കൂട്ടുനിൽക്കരുതെന്ന് നേരത്തെ സുപ്രീംകോടതി മുന്നറിയിപ്പ് നൽകിയിരുന്നു. ഇത് പാലിക്കപ്പെടാത്തതിലുള്ള അതൃപ്തിയും വിധിന്യായത്തിൽ സൂചിപ്പിച്ചു.

### അക്രമത്തിന് പിറകിൽ ആർ.എസ്.എസുകാരാണെന്ന് ആരോപണം

# നടുവിലിൽ സംഘർഷം പുകയുന്നു; സി.പി.എം പ്രവർത്തകന് വെട്ടേറ്റു

നടുവിൽ: മൽസ്യത്തൊഴിലാളി കൂടിയായ സി.പി.എം പ്രവർത്തകൻ വെട്ടേറ്റ് ഗുരുതര നിലയിൽ. നടുവിൽ ടൗണിൽ മൽസ്യ വിൽപ്പന നടത്തുന്ന അമ്പഴത്തിനാൽ പ്രബീഷിനാണ് (21) വെട്ടേറ്റത്. തലക്കും പുറത്തും കൈക്കും വെട്ടേറ്റ നിലയിൽ പ്രബീഷിനെ തളിപ്പറമ്പ് സഹകരണ ആശുപത്രി തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ചു. ആർ.എസ്.എസുകാരാണ് അക്രമം നടത്തിയതെന്ന് സി.പി.എം ആരോപിച്ചു.

ഇന്നലെ രാത്രി പത്ത് മണിയോടെയാണ് സംഭവം. നടുവിൽ ടൗണിൽ മൽസ്യ വിൽപ്പന കഴിഞ്ഞ് ശുചീകരണം നടത്തുകയായിരുന്ന പ്രബീഷിനെ ലക്ഷ്യമിട്ട് നാലോളം ബൈക്കുകളിൽ ഒരു സംഘം ആൾക്കാർ എത്തിയത്രെ. അക്രമികളെ കണ്ടയുടൻ പ്രബീഷ് തന്റെ പൾസർ ബൈക്കിൽ കയറി രക്ഷപ്പെടാൻ ശ്രമിച്ചു. പ്രബീഷിനെ പിന്തുടർന്ന അക്രമികൾ മണ്ടളം എസ്.എൻ.ഡി.പി മന്ദിരത്തിന് സമീപം ബൈക്കുകൾ കുറുകെയിട്ട് തടഞ്ഞ് മാരകായുധങ്ങളുമായി വെട്ടിപ്പരിക്കേൽപ്പിക്കുകയായിരുന്നു. വടിവാൾ, ഇരുമ്പ് തുടങ്ങിയ ആയുധങ്ങൾ ഉപയോഗിച്ചാണ് അക്രമം നടത്തിയതെന്ന് പ്രബീഷ് പറഞ്ഞു. മുതിരമല ഷിബു, കപ്പള്ളി ശ്രീജിത്ത്, കപ്പള്ളി രജിത്ത്, പി.ജെ. സോണി, അജിത്ത് എന്ന കുട്ടൻ, കോടാൻ വീട്ടിൽ ദിനേശിന്റെ മകൻ അമർനാഥ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു അക്രമമെന്ന് പ്രബീഷ് പരാതിപ്പെട്ടു.

കഴിഞ്ഞ ദിവസം ബി.ജെ.പി ഇരിക്കൂർ നിയോജക മണ്ഡലം സെക്രട്ടറി നടുവിലിലെ കോയാടൻവീട്ടിൽ ദിനേശൻ (46) അക്രമത്തിനിരയായിരുന്നു. ദിനേശനെ അക്രമിച്ചതിന് നാല് സി.പി.എം പ്രവർത്തകർക്ക് എതിരെ പോലീസ് കേസെടുത്തിട്ടുണ്ട്. ഈ സംഭവവത്തിന്റെ തുടർച്ചയാണ് പ്രബീഷിന് നേരെ നടന്ന അക്രമമെന്ന് കരുതുന്നു. സംഘർഷം വ്യാപിപ്പിക്കുന്നത് തടയാൻ സ്ഥലത്ത് വൻ പോലീസ് സംഘത്തെ വിന്യസിപ്പിച്ചിട്ടുണ്ട്.

ഈ സംഭവത്തിന് പിറകെ ഇന്ന് പുലർച്ചയോടെ നടുവിൽ ടൗണിൽ ഇറക്കിവെച്ച ദേശാഭിമാനി പത്രം അജ്ഞാത സംഘം എടുത്തുകൊണ്ടുപോയി. രാവിലെ 5.30ന് ആദ്യ ബസ് നടുവിലിൽ നിന്ന് പുറപ്പെടുംവരെ പത്രക്കെട്ട് അവിടെ ഉണ്ടായിരുന്നത്രെ. പിന്നീടാണ് അപ്രത്യക്ഷമായത്. ഏജന്റ് ഹാരിസിന്റെ പരാതിയിൽ കുടിയാൻമല പോലീസ് കേസെടുത്തിട്ടുണ്ട്. പ്രബീഷിനെ വധിക്കാൻ ശ്രമിച്ചതിൽ പ്രതിഷേധിച്ച് ഇന്ന് വൈകുന്നേരം അഞ്ച് മണിക്ക് നടുവിലിൽ സി.പി.എം പ്രകടനവും പൊതുയോഗവും സംഘടിപ്പിക്കുന്നുണ്ട്.



വെട്ടേറ്റ ആശുപത്രിയിൽ കഴിയുന്ന പ്രബീഷ്

# ബിഷപ്പിന്റെ അറസ്റ്റ്: സമരം സെക്രട്ടേറിയറ്റ് നടയിലേക്ക് വ്യാപിച്ചു; പിന്തുണയുമായി പ്രമുഖർ

തിരുവനന്തപുരം: കന്യാസ്ത്രീയെ പീഡിപ്പിച്ച ജലന്തർ ബിഷപ്പ് ഫ്രാങ്കോ മുളക്കലിനെ അറസ്റ്റ് ചെയ്യാത്തതിൽ പ്രതിഷേധിച്ച് സമരം സെക്രട്ടേറിയറ്റ് നടയിലേക്ക് വ്യാപിച്ചു. സമരത്തിന് പിന്തുണയുമായി പ്രമുഖ വ്യക്തികൾ രംഗത്തെത്തി. സെക്രട്ടേറിയറ്റ് നടയിലെ സമരത്തിൽ കോൺഗ്രസ് നേതാവ് വി.എം. സുധീരൻ, രാഷ്ട്രീയ ജനതാദൾ സംസ്ഥാന അധ്യക്ഷൻ ശ്രേയാംസ്കുമാർ, അഖിലേന്ത്യാ സെക്രട്ടറി ഡോ. വർഗീസ് ജോർജ് തുടങ്ങിയവർ സംബന്ധിച്ചു.

അതിനിടെ കൊച്ചിയിൽ ഐ.ജി. വിജയ് സാക്കറെയുടെ നേതൃത്വത്തിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യോഗം തുടങ്ങി. നാളെ ഹൈക്കോടതിയിൽ സമർപ്പിക്കേണ്ടുന്ന സത്വാങ്മൂലത്തെ കുറിച്ച്ചർച്ച ചെയ്യാനും ബിഷപ്പിന്റെ അറസ്റ്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ആലോചിക്കുന്നതിനും വേണ്ടിയാണ് യോഗം. ഒരു മാസത്തെ അന്വേഷണ പുരോഗതി വ്യക്തമാക്കണമെന്ന് ഹൈക്കോടതി അന്വേഷണ സംഘത്തിന് നിർദേശം നൽകിയിരുന്നു. നാളെ ഹൈക്കോടതിയിൽ സമർപ്പിക്കുന്ന സത്വാങ്മൂലത്തിൽ കേസിൽ ബിഷപ്പിന് സംഭവത്തിലുള്ള പങ്കാളിത്തത്തെ കുറിച്ച് വ്യക്തമായ വിവരം നൽകുമെന്ന് കോട്ടയം എസ്.പി വ്യക്തമാക്കി. തെളിവുകളെ സംബന്ധിച്ച് മാധ്യമങ്ങളുമായി ചർച്ച നടത്താൻ ഉദേശിക്കുന്നില്ലെന്ന് അദേഹം പറഞ്ഞു.

# കണ്ണൂരിലെ വൻ കൊള്ള; എറണാകുളം കവർച്ച കേസിലെ പ്രതികളെ കസ്റ്റഡിയിൽ വാങ്ങാൻ നീക്കം

കണ്ണൂർ: കണ്ണൂരിൽ മാധ്യമ പ്രവർത്തകനെയും ഭാര്യയെയും കെട്ടിയിട്ട് വൻ കൊള്ള നടത്തിയ കേസിൽ സമാനമായ രീതിയിൽ എറണാകുളത്ത് നടന്ന കവർച്ചാക്കേസിലെ പ്രതികളെ കസ്റ്റഡിയിൽ വാങ്ങാൻ നീക്കം. എറണാകുളം തീവണ്ടിപ്പാളത്തിന് സമീപത്തെ വീട്ടിലെ ദമ്പതികളെ കെട്ടിയിട്ട് കവർച്ച നടത്തിയ കേസിൽ മൂന്ന് ബംഗ്ലാദേശുകാരെ അറസ്റ്റ് ചെയ്തിരുന്നു. അവരിപ്പോൾ കാക്കനാട് ജയിലിൽ റിമാന്റിലാണ്. ഈ കേസിലെ മറ്റ് മൂന്ന് പ്രതികളെ പിന്നീട് ഡൽഹിയിൽ അറസ്റ്റ് ചെയ്തിരുന്നു. അവിടെ റിമാന്റിൽ കഴിയുന്ന ഇവരെ എറണാകുളത്തെ കേസിൽ പ്രൊഡക്ഷൻ വാറണ്ട് മുഖേന എത്തിക്കാൻ നീക്കം നടക്കുന്നുണ്ട്. അങ്ങനെ ഇവരെ വിട്ടുകിട്ടിയാൽ ദമ്പതികളെ കൊണ്ട് തിരിച്ചറിയൽ പരേഡിന് വിധേയമാക്കും. തിരിച്ചറിഞ്ഞാൽ ഇവരെ ഇവിടുത്തെ ജയിലിൽ അടക്കും. ഈ സന്ദർഭത്തിൽ ആറ് പ്രതികളെയും കണ്ണൂർ കേസിൽ കസ്റ്റഡിയിൽ വാങ്ങിക്കാനാണ് ആലോചന.

# പട്ടാപ്പകൽ മധ്യവയസ്ക്കനെ തടഞ്ഞുനിർത്തി 1,17,000രൂപ തട്ടിയെടുത്തതായി പരാതി

കണ്ണൂർ: ബസിറങ്ങി നടന്നുപോവുകയായിരുന്ന മധ്യവയസ്ക്കനെ പട്ടാപ്പകൽ റോഡിൽ ബലമായി പിടിച്ചുനിർത്തി 1,17,000രൂപ തട്ടിയെടുത്തതായി പരാതി. ചെങ്കൽ വ്യവസായ അസോസിയേഷൻ ഓഫീസ് സെക്രട്ടറിയായ മയ്യിൽ കടൂര് വാടിഹൗസിൽ ഇ. പുരുഷോത്തമൻ (55) ആണ് ടൗൺ പോലീസിൽ പരാതി നൽകിയത്.

ഇന്നലെ രാവിലെ 10.15ന് കാൽടെക്സിൽ ബസിറങ്ങി നടന്നുപോകുമ്പോൾ കണ്ടാലറിയാവുന്ന മൂന്നുപേർ ബലമായി പിടിച്ചുവെച്ച് പണം തട്ടിയെടുത്തുവെന്നാണ് പരാതി. അസോസിയേഷന്റെ പണമാണത്രെ തട്ടിയെടുത്തത്.

## യുവ ഡോക്ടർ വിഷം കുത്തിവെച്ച് മരിച്ചു

എറണാകുളം: കൊച്ചി നഗരത്തിലെ സ്വകാര്യ ആശുപത്രിയിലെ യൂറോളജി വിഭാഗം ഡോക്ടറായ ഡറാഡൂൺ പട്ടേൽ നഗർ സ്വദേശി പ്രയാങ്ക് (32) വിഷം കുത്തിവെച്ച് മരിച്ചു. ഇന്നലെ രാത്രി ഡോക്ടർ താമസിക്കുന്ന ലോഡ്ജിലാണ് മരിച്ച നിലയിൽ കണ്ടെത്തിയത്. കയ്യിൽ വിഷം കുത്തിവെച്ചതിന്റെ പാടുണ്ട്. കുടുംബവഴക്കാണത്രെ ജീവനൊടുക്കാൻ കാരണം. എറണാകുളം സെൻട്രൽ പോലീസ് മൃതദേഹ പരിശോധന നടത്തി പോസ്റ്റുമോർട്ടത്തിനയച്ചു.

# വർഷങ്ങളായി മുങ്ങി നടക്കുകയായിരുന്ന മോഷ്ടാവ് പിടിയിൽ



തളിപ്പറമ്പ: കണ്ണൂർ, ഇടുക്കി തുടങ്ങിയ ജില്ലകളിൽ നിരവധി മോഷണക്കേസിൽ പ്രതിയായ യുവാവിനെ തളിപ്പറമ്പ എസ്.ഐ കെ.ദിനേശൻ അറസ്റ്റ് ചെയ്തു. കുറുമാത്തൂർ പള്ളിവയലിലെ ചപ്പന്റകത്ത് പുതിയപുരയിൽ ഷംസീറിനെയാണ് (32) ഇന്നലെ രാത്രി വീട്ടിൽ നിന്ന് പിടികൂടിയത്. മദ്യപിച്ച് വീട്ടിലെത്തിയ ഷംസീർ സ്വന്തം കുട്ടിയെ അരയിൽ കെട്ടി പരാക്രമം കാണിച്ചതിനെ തുടർന്ന് നാട്ടുകാർ പോലീസിൽ വിവരം അറിയിക്കുകയായിരുന്നു. പോലീസ് എത്തിയപ്പോൾ ബഹളം വെച്ച ഷംസീറിനെ ഏറെ സാഹസപ്പെട്ടാണ് പോലീസ് പിടികൂടിയത്. തളിപ്പറമ്പ പോലീസ് സ്റ്റേഷനിൽ 2008ൽ നടന്ന മോഷണ കേസിൽ പ്രതിയാണ് ഷംസീർ. ഈ കേസിൽ പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ചിരുന്നു. മിനിഞ്ഞാന്ന് ഷംസീറിനെ പിടികൂടാൻ ഇടുക്കി പോലീസ് തളിപ്പറമ്പിലെത്തിയിരുന്നു. വീട്ടിൽ റെയ്ഡ് നടത്തിയെങ്കിലും ഇയാളെ കണ്ടെത്താൻ കഴിയാത്തതിനെ തുടർന്ന് പോലീസ് സംഘം മടങ്ങുകയായിരുന്നു. കുടിയാന്മല, പയ്യന്നൂർ, കണ്ണൂർ സ്റ്റേഷനുകളിലും ഷംസീറിനെതിരെ കേസ് നിലവിലുണ്ട്.

# കണ്ണൂരിലെ കൊള്ള: ഇതര സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ച് അന്വേഷണം

കണ്ണൂർ: മാതൃഭൂമി കണ്ണൂർ യൂണിറ്റ് ന്യൂസ് എഡിറ്റർ കെ. വിനോദ് ചന്ദ്രൻ, ഭാര്യ പി. സരിത കുമാരി എന്നിവരെ കെട്ടിയിട്ട് വീട് കൊള്ളയടിച്ച കേസിന്റെ അന്വേഷണം ഇതരസംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിച്ചു. ബംഗ്ലാദേശിൽ നിന്നുള്ള സംഘമാണ് കവർച്ചക്ക് പിറകിലെന്ന സംശയം ഉയർന്നിരുന്നു. ഈ സംഘം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ കവർച്ച നടത്താറുണ്ട്. ഈ സംഘം പലതായി പിരിഞ്ഞ് വിവിധ സംസ്ഥാനങ്ങളിൽ തമ്പടിച്ചിട്ടുണ്ടോയെന്ന സംശയവുമുണ്ട്. ഈ സാഹചര്യത്തിലാണ് മുംബൈ, ബംഗ്ളൂരു, ഡൽഹി എന്നിവിടങ്ങളിൽ കണ്ണൂരിൽ നിന്നുള്ള പോലീസ് സംഘം അന്വേഷണം നടത്തുന്നത്.

അതിനിടെ അന്വേഷണ സംഘം ഡൽഹിയിലെ ഇന്ത്യൻ എംബസി മുഖേന ബംഗ്ലാദേശിലെ ഉന്നത പോലീസ് ഓഫീസർമാരുമായി ബന്ധം സ്ഥാപിച്ചിട്ടുണ്ട്. അതിലൂടെ കവർച്ചാസംഘത്തെ കുറിച്ചുള്ള വ്യക്തമായ വിവരം ലഭിക്കുമെന്നാണ് പ്രതീക്ഷ.

കഴിഞ്ഞ ആറിന് പുലർച്ചെയാണ് താഴെചൊവ്വ തെടുക്കലേപ്പീടികയിലെ വാടക വീട്ടിൽ വിനോദ് ചന്ദ്രനെയും ഭാര്യയെയും കെട്ടിയിട്ട് 30 പവനും 15,000രൂപയും അടക്കം കൊള്ളയടിച്ചത്.

8-ാം ചരമവാർഷികം
12-09-2018



പയ്യൻവീട്ടിൽ നാരായണൻ നമ്പ്യാർ
(റിട്ട.ബി.എസ്.എൻ.എൽ)
ഹരിപ്രിയ നിവാസ്
ചെപ്പനൂൽ, മുയ്യം, തളിപ്പറമ്പ

നിലാവായ്, സ്നേഹസുഗന്ധമായ്,
മനസ്സ് നിറയുന്ന ഓർമ്മയായ്
എന്നും ഞങ്ങളോടൊപ്പം
-മക്കൾ

കാത്തിരിപ്പിന്റെ കാലം കഴിഞ്ഞു.. !!
കുറഞ്ഞ വിലയിൽ
റെഡിമെയ്ഡ്
കട്ടിള
ജനൽ
ഡോർ
കട്ടിള ₹ 3750/- 3 പാളി ജനൽ ₹9350/-
ഡോർ ₹ 2400/-
സോന
വുഡ്
N.H ചിറവക്ക്, തളിപ്പറമ്പ് Mob: 8592 888 005
N.H മാങ്ങാട് 8593 888 013